സ്കൂൾ തലം

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025- 2026.

നിലമ്പൂർ സബ് ജില്ല.

മലപ്പുറം വിദ്യാഭ്യാസ ജില്ല.

ജി.എൽ.പി.എസ് നടുവക്കാട്.

# നടുവക്കാട് ഗവ. എൽ. പി സ്കൂൾ.

2025. 2026.

സ്കൂളിന്റെ പേര് : നടുവക്കാട് ജി.എൽ.പി.എസ്
സ്ഥാപിതം : 1956
പഞ്ചായത്ത് : മമ്പാട് ഗ്രാമ പഞ്ചായത്ത്
വില്ലേജ് : മമ്പാട്
ബ്ലോക്ക് : വണ്ടൂർ.
ജില്ല : മലപ്പുറം
ബി.ആർ.സി : നിലമ്പൂർ
സി.ആർ.സി : മമ്പാട് സി.ആർ.സി
സബ്ജില്ല : നിലമ്പൂർ
വിദ്യാഭ്യാസ ജില്ല : മലപ്പുറം
ഇ. മെയിൽ : naduvakkadglps@gmail.com
പ്രധാനാധ്യാപകൻ : രഘുനാഥൻ. വി
മൊബൈൽ നമ്പർ: 9048135369.

## ആമുഖം-

നവകേരള മിഷന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഇന്ന് പൊതുവിദ്യാലയങ്ങളിലെല്ലാം വലിയ തോതിലുള്ള അക്കാദമിക മുന്നേറ്റം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രമായതിൽ പ്രധാന കാരണം കൃത്യമായതും ചിട്ടയോടെ കൂടിയുള്ളതുമായ അക്കാദമിക പ്രവർത്തനങ്ങൾ തന്നെയാണ്. ഈ അക്കാദമിക പ്രവർത്തനങ്ങൾ എങ്ങനെയെല്ലാമാണ് രൂപപ്പെടുത്തേണ്ടത് എന്ന കൃത്യമായ നിർദ്ദേശങ്ങളും, പരിശീലനങ്ങളും പൊതുവിദ്യാഭ്യാസ വകുപ്പ് അധ്യാപകർക്ക് നൽകുന്നുണ്ട്. അധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ സാമൂഹ്യ- രാഷ്ട്രീയ- സാംസ്കാരിക പ്രവർത്തകർ വിവിധ ഏജൻസികൾ, എന്നിവ ഒത്തൊരുമിച്ച് പ്രവർത്തിക്കുമ്പോഴാണ് നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുവാൻ സാധിക്കുകയുള്ളൂ.

ആധുനിക സമൂഹം ആവശ്യപ്പെടുന്ന എല്ലാ സൗകര്യങ്ങളോടും കൂടി വിദ്യാലയത്തെ ഹൈടെക്ക് ആക്കി മാറ്റേണ്ടതുണ്ട്. അക്കാദമിക മികവ് ഉറപ്പാക്കുന്നതിലൂടെ മാത്രമേ പൊതുവിദ്യാലയങ്ങളുടെ പ്രസക്തി സമൂഹത്തിന് മുൻപിൽ തുറന്നിടാനാവുകയുള്ളൂ.

നമ്മുടെ സ്കൂളിൽ 2025-26 അധ്യായന വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന അക്കാദമിക പ്രവർത്തനങ്ങൾ ഇവിടെ വിവരിക്കുന്നു.

## ലക്ഷ്യങ്ങൾ

1) ജി എൽ പി എസ് നടുവരാട് സ്കൂളിനെ 2025-26 അധ്യായന വർഷം മികവിന്റെ കേന്ദ്രമാക്കുക
2) മുകളിൽ പറഞ്ഞ ലക്ഷ്യത്തിലെത്തും വിധം അക്കാദമിക മികവുകൾ/ പ്രവർത്തനങ്ങൾ രൂപീകരിക്കൽ.
3) ഓരോ കുട്ടിക്കും ഗുണമേന്മാ വിദ്യാഭ്യാസം ലഭിക്കും വിധം അക്കാദമിക പ്രവർത്തനങ്ങൾ സജ്ജമാക്കുക.
4) പൊതു സമൂഹത്തിന്റെ നിരന്തര ശ്രദ്ധ വിദ്യാലയത്തിൽ ഉറപ്പാക്കാനുള്ള പ്രവർത്തനം നടപ്പിലാക്കുക.
5) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പൊതുലക്ഷ്യങ്ങൾക്കനുസൃതമായി പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുക.

## നിലവിലെ നേട്ടങ്ങൾ

ഭൗതിക പരമായ ബുദ്ധിമുട്ടുകൾക്കിടയിലും നടുവണ്ണാട് ജി.എൽ.പി സ്കൂൾ കഴിഞ്ഞ 2 വർഷക്കാലമായി മികച്ച അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നുണ്ട്. 2023-24 അധ്യയനവർഷത്തിൽ LSS പരീക്ഷ എഴുതിയ 11 കുട്ടികളിൽ 8 പേർ LSS ജേതാക്കളായി. 2024-25 അധ്യയനവർഷത്തിൽ LSS പരീക്ഷയെഴുതിയ 10 പേരിൽ 8 പേർക്കും LSS ലഭിച്ചു എന്നതും തിളക്കമാർന്ന അക്കാദമിക നേട്ടം തന്നെയാണ്. ലൈബ്രറി കൗൺസിൽ പഞ്ചായത്ത് തല വായനാമത്സരത്തിൽ കഴിഞ്ഞ വർഷം, ഒന്നും, രണ്ടും സ്ഥാനം നേടിയത് നമ്മുടെ കുട്ടികളാണ്. 2023, 24 അധ്യയനവർഷം അക്ഷരമുറ്റം, പ്രതിഭ ക്വിസ്, സ്വദേശ് ക്വിസ്, SS ക്വിസ് എന്നിവയിൽ നമ്മുടെ സ്കൂളിലെ കുട്ടികൾ, ഒന്നും, രണ്ടും സ്ഥാനം ലഭിക്കുകയുണ്ടായി. വിവിധ സയൻസ് മേളകളിലും കലാമേളകളിലും നമ്മുടെ കുരുന്നുകൾ മികവാർന്ന വിജയം കരസ്ഥമാക്കി.

## പോരായ്മകൾ

ഭൗതിക പരമായി ഏറെ ബുദ്ധിമുട്ടുകൾ സഹിക്കുന്ന ഒരു വിദ്യാലയമാണ് നടുവക്കാട് ജി എൽ പി സ്കൂൾ. വെറും 7 cent ൽ മാത്രമാണ് വിദ്യാലയം പ്രവർത്തിക്കുന്നത്. കുട്ടികളുടെ ആരോഗ്യ-കായിക പ്രവർത്തനങ്ങൾ ഊർജ്ജസ്വലമായി നടത്തുന്നതിന് ആവശ്യമായ കളിസ്ഥലം ഇല്ല. അതുപോലെ തന്നെ അസംബ്ലി കൂടുന്നതിനുള്ള സ്ഥലസൗകര്യം ഇല്ല. നല്ല അടച്ചുറപ്പുള്ള അടുക്കള ആവശ്യമാണ്. കുട്ടികൾക്ക് ഭക്ഷണം ഒരുമിച്ച് ഇരുന്ന് കഴിക്കുവാനുള്ള സ്ഥലം/ഹാൾ ഇല്ല. ലൈബ്രറിക്കായി പ്രത്യേക മുറി ലഭ്യമല്ല. സ്കൂളിൽ ഓഡിറ്റോറിയം മീറ്റിംഗ് ഹാൾ എന്നിവയെല്ലാം സജ്ജമാക്കേണ്ടതുണ്ട്.

## അവസ്ഥാ വിശകലനം

### 1. എൻറോൾമെൻ്റ്

| Class | Boys | Girls | Total |
|---|---|---|---|
| Std 1.A | 7 | 6 | 13 |
| Std 2.A | 12 | 7 | 19 |
| Std 3.A | 16 | 10 | 26 |
| Std 4.A | 9 | 5 | 14 |
| | 44. | 28 | 72. |

2025- 2026 അധ്യയന വർഷത്തിൽ ഒന്നു മുതൽ നാല് വരെ ക്ലാസുകളിലായി ആകെ 72 കുട്ടികളാണ് ഉള്ളത്. ഒന്നാം ക്ലാസിൽ ഈ അധ്യയന വർഷം 13 കുട്ടികളാണ് പ്രവേശനം നേടിയത്. മികച്ച അക്കാദമിക പ്രവർത്തനങ്ങൾ നടക്കുന്നുണ്ട് എങ്കിലും, സ്കൂളിന്റെ ഭൗതിക അപര്യാപ്തതമൂലമാണ് സ്കൂളിൽ കുട്ടികളുടെ പ്രവേശനം കുറയുന്നത് എന്നതാണ് മനസ്സിലാക്കുവാൻ സാധിക്കുന്നത്.

2024- 2025 അധ്യയനവർഷത്തിൽ LSS പരീക്ഷയിൽ 80% വിജയം കൈവരിക്കുവാൻ സാധിച്ചുവെങ്കിലും, സ്കൂളിലെ സ്ഥലപരിമിതിയും ഇംഗ്ലീഷ് മീഡിയം ഇല്ല എന്നുള്ള കാരണവുമാണ് സ്കൂളിലെ അഡ്മിഷന് തടസ്സം നിൽക്കുന്ന സാഹചര്യങ്ങൾ.

2. അധ്യാപകർ.

നിലവിൽ വിദ്യാലയത്തിൽ ഹെഡ്മാസ്റ്റർ ഉൾപ്പെടെ 5 അധ്യാപകരാണുള്ളത്. ഹെഡ്മാസ്റ്ററുടെ നേതൃത്വത്തിൽ സഹാധ്യാപകർ അക്കാദമിക രംഗത്തും, പാഠ്യേതര പ്രവർത്തനങ്ങളിലും മികച്ച രീതിയിൽ പ്രവർത്തിച്ച് കുട്ടികൾക്ക് പരിശീലനം നൽകുന്നു. ക്ലാസ് പി.ടി.എ കൾ സജീവമാണ്. ഇതിലൂടെ രക്ഷിതാക്കളുമായി അടുത്ത ബന്ധം പുലർത്തുകയും അത് കുട്ടികൾക്ക് ഗുണപരമായ മാറ്റങ്ങൾക്ക് കാരണമാവുകയും ചെയ്യുന്നുണ്ട്.

3) വിദ്യാലയം- പൊതുവിശകലനം.

വിദ്യാലയത്തിലെ കുട്ടികളിൽ ഭൂരിഭാഗവും സാമ്പത്തികമായി നല്ല നിലവാരം പുലർത്തുന്നവരല്ല. കാർഷിക മേഖല, കച്ചവടം തുടങ്ങിയ മേഖലകളിലാണ് കൂടുതൽ രക്ഷിതാക്കളും. വിദ്യാലയ പ്രവർത്തനങ്ങളിൽ ഭൂരിഭാഗം രക്ഷിതാക്കളും തൽപരരാണ്. വിദ്യാലയവുമായി ഏതവസരത്തിലും ബന്ധപ്പെടാനും, പ്രശ്നങ്ങൾ ചർച്ച ചെയ്യാനുമുള്ള അവസരമുണ്ട്. രക്ഷിതാക്കൾ ഇത് പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട്. അതുകൊണ്ടുതന്നെ വിദ്യാലയവും, രക്ഷിതാക്കളും തമ്മിൽ നല്ല ഹൃദയബന്ധം കാത്തുസൂക്ഷിക്കാൻ സാധിക്കുന്നുണ്ട്.

## അനുബന്ധ പ്രവർത്തനങ്ങൾ

### 1) എസ്. ആർ. ജി.

സ്കൂൾ റിസോഴ്സ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ എല്ലാ ആഴ്ചയിലും മീറ്റിംഗ് കൂടുകയും ഓരോ ആഴ്ചയിലെയും അക്കാദമിക പ്രവർത്തനങ്ങൾ അവലോകനം നടത്തുകയും, തുടർന്നുവരുന്ന ആഴ്ചയിലെ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്നുണ്ട്. കുട്ടികളുടെ പഠന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ പഠനബോധന പ്രവർത്തനങ്ങളും ആസൂത്രണം ചെയ്തു വരുന്നു.

### 2) പി.ടി.എ.

എല്ലാ മാസവും കൃത്യമായി CPTA യോഗങ്ങൾ ചേരുന്നുണ്ട്. അക്കാദമിക പ്രവർത്തനങ്ങൾ, ഉച്ചഭക്ഷണം, പാഠ്യേതര പ്രവർത്തനങ്ങൾ എന്നിവ കൃത്യമായി ആസൂത്രണം ചെയ്യുന്നുണ്ട്. വർഷത്തിൽ കുറഞ്ഞത് 3 പ്രാവശ്യം ജനറൽ ബോഡി യോഗം ചേരാറുണ്ട്.

### 3) ക്ലബ്ബ് പ്രവർത്തനങ്ങൾ.

വിഷയാടിസ്ഥാനത്തിലുള്ളതും പൊതുവായുള്ളതുമായ എല്ലാ ക്ലബ്ബുകളും പ്രവർത്തിക്കുന്നു. വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ വ്യത്യസ്ത പ്രവർത്തനങ്ങൾ നടത്തി വരുന്നു.

4) ലൈബ്രറി (ക്ലാസ്സ്‌ലൈബ്രറി, & സ്കൂൾ ലൈബ്രറി).

എല്ലാ ക്ലാസ്സുകളിലും രക്ഷകർത്താക്കളുടെ സഹായത്തോടെ ക്ലാസ്സ് ലൈബ്രറി ശക്തിപ്പെടുത്തി. ക്ലാസ്സ് ലൈബ്രറിയിലെ പുസ്തകങ്ങൾ കുട്ടികൾ ഒഴിവുസമയങ്ങളിൽ ഉപയോഗപ്പെടുത്തിവരുന്നു. ജൂൺ മാസം വായനവാരത്തോടെ കുട്ടികൾക്ക് സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്ത് വായനാനുബന്ധ പ്രവർത്തനങ്ങൾ വിദ്യാരംഗം/ മലയാളം ക്ലബ്ബിന്റെ ഭാഗമായി നടത്തിവരുന്നു.

5) അറിവുത്സവം - മാസാന്ത്യ മെഗാക്വിസ്.

എല്ലാദിവസവും കുട്ടികൾക്ക് മലയാളം, അറബിക്, എന്നീ വിഷയങ്ങളിൽ പൊതുവിജ്ഞാന ചോദ്യങ്ങൾ - ഒരുദിനം - ഒരറിവ് എന്ന രീതിയിൽ നടത്തിവരുന്നു. മാസാവസാനം ഈ ചോദ്യങ്ങൾ ഉൾപ്പെടുത്തി അറിവുത്സവം - മാസാന്ത്യ മെഗാക്വിസ് നടത്തിവരുന്നു.

6) ജൈവ - പച്ചക്കറികൃഷി.

പരിസ്ഥിതിക്ലബ്ബിന്റെ ഭാഗമായി സ്കൂളിൽ പച്ചക്കറികൃഷി ചെയ്തുവരുന്നു. ഈ പച്ചക്കറികൾ കുട്ടികളുടെ ഉച്ചഭക്ഷണത്തിലേക്ക് പ്രയോജനപ്പെടുത്തി വരുന്നു.

7) LSS പരിശീലനം.

നാലാം ക്ലാസിലെ തെരഞ്ഞെടുത്ത കുട്ടികൾക്കായി ജൂലൈ മാസം മുതൽ LSS പരിശീലനം നൽകിവരുന്നു. ഇതിനായി വൈകുന്നേരം 3.30 മുതൽ 4.30 വരെയുള്ള സമയം പ്രയോജനപ്പെടുത്തിവരുന്നു. കുട്ടികൾക്ക് 100 ഓളം മാതൃകാ പരീക്ഷകളും, വർക്ക് ഷീറ്റുകളും വിതരണം ചെയ്യാറുണ്ട്.

8) വിജയ സ്പർശം പ്രവർത്തനങ്ങൾ.

പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രശ്ന പരിഹരിച്ച് പഠനത്തിന്റെ മുൻ പന്തിയിൽ എത്തിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ സ്കൂളിൽ നടന്നു വരുന്നു. ഇതിനായി വൈകുന്നേരം 3-4 വരെ എല്ലാ ക്ലാസുകളിലും പ്രവർത്തനങ്ങൾ ക്ലാസ് അധ്യാപകരുടെ നേതൃത്വത്തിൽ നടന്നുവരുന്നു

9) ദിനാചരണ പ്രവർത്തനങ്ങൾ.

എൽ.പി കുട്ടികളുടെ പഠനപ്രവർത്തനങ്ങളുടെ ഭാഗമായി വരുന്ന എല്ലാദിനങ്ങളും സ്കൂളിൽ ആചരിക്കാറുണ്ട്. പ്രധാനദിനങ്ങളോട് അനുബന്ധിച്ച് ക്വിസ്, പതിപ്പ് നിർമ്മാണം ഡോക്യുമെന്ററി, ശില്പശാല എന്നിവ സംഘടിപ്പിക്കാറുണ്ട്.

10) അസംബ്ലി.

തിങ്കൾ, വ്യാഴം ദിവസങ്ങളിൽ അസംബ്ലി നടത്തിവരുന്നു. മലയാളം, English, അറബിക് വിഷയങ്ങളിൽ അസംബ്ലി നടത്താറുണ്ട്.

GLPS Naduvattad. 

# Academic Calendar 2025-2026.

| Sl.No | Name of Programme. | Time | Charge | Finance | Remark |
|---|---|---|---|---|---|
| 1. | പ്രവേശനോത്സവം. | Jun. 2 | HM PTA | PTA | - |
| 2. | SRG യോഗം | Jun. 2. | SRG Convener | - | - |
| 3. | പരിസ്ഥിതി ദിനാഘോഷം | Jun. 5 | HM | - | - |
| 4. | ഹരിത ക്ലബ്ബ് ഉദ്ഘാടനം | Jun. 5 | Club Convener | - | - |
| 5. | ലഹരി മുക്ത, ഹരിത ക്യാമ്പസ് പ്രഖ്യാപനം | Jun. 5 | GM | - | - |
| 6. | സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ വർഷം (പ്രത്യേക ക്ലാസ്സ്). | Jun 3-13. | Class Trs | - | - |
| 7. | SRG യോഗം. | Jun. 6 | SRG Convener. | - | - |
| 8. | CPTA യോഗം. | Jun 24. | Class Trs | - | - |
| 9. | SRG യോഗം | Jun 25. | SRG Convener. | - | - |
| 10. | ലഹരി വിരുദ്ധ ദിന പ്രവർത്തനം. | Jun. 26 | Trs | - | - |
| 11. | വായനാവാര പ്രവർത്തനങ്ങൾ | Jun- 19-25 | Class Trs. | - | - |
| 12. | Zumba dance Practice | Jun. 26. | class Trs | - | - |
| 13. | SRG യോഗം | Jun. 27. | SRG Convener | - | - |
| 14. | സംയുക്ത ഡയറി പരിശീലനം | Jun. 30. | Class Tr. | - | - |

| Sl.No. | Name of Programme | Time | Charge | Finance | Remarks |
|---|---|---|---|---|---|
| 15 | SRG യോഗം | July 2 | SRG Convener | - | - |
| 16. | ബഷീർ അനുസ്മരണ ദിനം | July 5 | HM | - | - |
| 17. | വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനം. | July 8. | Club Convener | - | - |
| 18. | വിദ്യാരംഗം സ്കൂൾതല ക്ലബ് ഉദ്ഘാടനം | July 8. | Club Convener | - | - |
| 19. | സ്കൂൾ തനതു പരിപാടി അവതരണം. | July 9. | HM | - | - |
| 20. | LSS പരിശീലനം ആരംഭിക്കുന്നു. | July 10 | Trs | - | - |
| 21. | രക്ഷകർതൃ ശിൽപശാല. | July 11. | | - | - |
| 22. | ലോക ജനസംഖ്യാ ദിനം | July 11. | HM | - | - |
| 23. | PTA Executive യോഗം. | July 11. | | | |
| 24. | സ്കൂൾ പാർലമെന്റ് Election | July 14. | Trs. | - | - |
| 25. | ചാന്ദ്രോത്സവം. (രക്ഷകർതൃ ശിൽപശാല). | July 15 | Trs | - | - |
| 26. | SRG യോഗം | July 18. | SRG Convener | - | - |
| 27. | Cluster Meeting | July 19. | Trs | - | - |
| 28. | ചാന്ദ്ര ദിനം. | July 21. | HM & Trs | - | - |
| 29. | വിജ്ഞാന പതിപ്പ് (ചാന്ദ്രദിനവുമായി ബന്ധപ്പെട്ട്). | July 28 | Trs | - | - |
| 30. | സ്കൂൾ ജനറൽ ബോഡി തെരഞ്ഞെടുപ്പ്. | July 30. | | - | - |

| | | | | | |
|---|---|---|---|---|---|
| 31. | SRG യോഗം. | Aug 1. | SRG Convener | - | - |
| 32. | രക്ഷാകർതൃ ബോധവത്കരണം (ക്ലാസ്). | Aug 5. | HM | - | - |
| 32. | ഹിരോഷിമ ദിനാചരണം. | Aug 6. | Trs | | |
| 33. | നാഗസാക്കി ദിനാചരണം | Aug 9. | Trs | | |
| 34 | ക്വിറ്റ് ഇന്ത്യാ ദിന പ്രവർത്തനം | Aug 9. | Trs. | | |
| 35. | SRG യോഗം. | Aug 12. | SRG Convener | | |
| 36. | സ്വാതന്ത്ര്യ ദിന പ്രവർത്തനം | Aug 15 | HM PTA | | |
| 37. | ക്ലബ്ബ് പ്രവർത്തനങ്ങൾ. | Aug. 18. | Trs. | | |
| 38. | SRG യോഗം. | Aug 22 | SRG Convener. | | |
| 39. | Unit Test | Aug 22. | Class Trs. | | |
| 40. | CPTA യോഗം. | Aug 26. | Class Trs. | | |
| 41. | Model Exam starts. | Aug 27 - 30. | Trs | - | - |
| 42. | SRG യോഗം. | Aug 29. | SRG Convener. | | |
| 43. | അധ്യാപക ദിന പ്രവർത്തനം | Sep. 5. | Trs | | |
| 44. | ഓണാവധി. | | | | |
| 45. | [illegible] (ക്ലാസ് [illegible]). | Sep. 15. | HM & Trs. | | |
| 46. | ഓസോൺ ദിന പ്രവർത്തനം | Sep. 16. | Trs. | | |

| | | | | | |
|---|---|---|---|---|---|
| 47. | [illegible] പരിചയപ്പെടുത്തി [illegible] | Sep. 30. | Staff & Class Tr | PTA SMC | - |
| 48 | SRG യോഗം. | Oct 1. | SRG Convener | - | - |
| 49. | ഗാന്ധിജയന്തി - അസംബ്ലി, ശുചീകരണ പ്രവർത്തനം | Oct 2. | Trs. | - | - |
| 50 | PTA / MTA / SMC യോഗം. | Oct 6 | HM | - | - |
| 51 | സ്കൂളിനടുത്തുള്ള പൊതുസ്ഥാപനങ്ങൾ സന്ദർശിക്കുന്നു. | Oct 7. | Class Trs | - | - |
| 52. | ക്ലാസ് ലൈബ്രറി ശാക്തീകരണം | Oct. 7. | Class Trs | - | - |
| 53. | പുസ്തക വണ്ടി. (സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ ശേഖരിക്കുന്നു) | Oct: 8. | Trs | PTA | |
| 54. | SRG യോഗം. | Oct. 10. | SRG Convener | - | - |
| 55. | ഭക്ഷ്യദിന പ്രവർത്തനം | Oct. 16. | Trs | - | - |
| 56 | ഭക്ഷ്യമേള | Oct: 17. | Class Trs | - | - |
| 57. | ക്ലാസിൽ ഒരു സദ്യ. | Oct 21 | Staff & class Tr | PTA | - |
| 58. | സ്കൂൾ പച്ചക്കറിത്തോട്ട നിർമ്മാണം. | Oct 22. | Trs. | SMC/PTA | - |
| 59. | ഗണിത ശില്പശാല (രക്ഷാകർത്താക്കൾക്ക്) | Oct. 24. | Maths club. Trs. | PTA/SMC | - |
| 60. | SRG യോഗം. | Oct. 30 | SRG Convener | | |
| 61. | കേരളപ്പിറവി ദിനം. | Nov. 1. | HM & Trs. | PTA/SMC | . |
| 62. | പാട്ടരങ്ങ് / ഭാഷോത്സവം. (മലയാളം club പ്രവർത്തനം). | Nov. 3. | മലയാളം club Convener | PTA | |
| 63. | Easy English For Students. | Nov 11. | English club. | PTA | |
| 64. | ലഘു ശാസ്ത്ര പരീക്ഷണങ്ങൾ | Nov. 13 | Science club | PTA. | |
| 65. | [illegible] സന്ദർശനം (കോട്ടക്കുന്ന് GUPS). | Nov. 13. | Staff & Tr. | PTA | |

| | | | | | |
|---|---|---|---|---|---|
| 66. | ശിശുദിന പ്രവർത്തനങ്ങൾ | Nov. 14. | HM & Trs | - | - |
| 67. | LSS. പരിശീലനം Monthly Exam. | Nov 17 | LSS Charge Tr | PTA - | - |
| 68 | ദേശീയോദ്ഗ്രഥന ദിനം. ഉപന്യാസരചന | Nov 19. | Charge Trs | PTA | - |
| 69. | Mega GK (one day. One knowledge). | Nov 20 | Charge Tr. | PTA. | |
| 70. | രക്ഷകർത്താക്കൾക്ക് ക്ലാസ് | Nov 25. | Trs. | PTA SMC | - |
| 71. | SRG യോഗം | Nov 24. | SRG Convener. | | |
| 72. | പക്ഷി നിരീക്ഷണം (Science club). | Nov. 25. | Science Club Convenor | PTA. | |
| 73. | വായനാക്കാർഡ് നിർമ്മാണം രക്ഷകർതൃ ശില്പശാല. | Nov 28. | Trs. | PTA/SMC | - |
| 74. | SRG യോഗം. | Dec. 5. | SRG Convener | | |
| 75. | Model Exam starts. | Dec. 8-12. | Class Trs | | |
| 76. | ക്രിസ്തുമസ് ആഘോഷം | Dec. 20. | HM PTA | PTA/SMC | - |
| 77. | SRG യോഗം | Dec 20 | SRG Convener | - | - |
| 78. | ക്രിസ്തുമസ് അവധി. | (Dec: 20-29) | - | - | - |
| 79. | പുതുവത്സര ആഘോഷം. | Jan 1. | HM PTA | PTA/SMC | - |
| 80 | SRG യോഗം | Jan 2 | SRG Convener | | |
| 81. | പ്രവാസി ഭാരതീയ ദിനം | Jan 5. | HM | - | - |
| 82. | CPTA യോഗം | Jan 16 | Trs | - | - |
| 83 | റിപ്പബ്ലിക് ദിനം | Jan 26 | HM PTA | PTA/SMC | |
| 84 | SRG യോഗം. | Jan. 30 | SRG Convener | - | - |

| | | | | | |
|---|---|---|---|---|---|
| 85 | രക്തസാക്ഷി ദിനം. ഗാന്ധി അനുസ്മരണം. | Jan. 30. | HM & Tes. | - | - |
| 86. | SRG യോഗം. | Jan 30 | SRG Convener | - | - |
| 87. | PTA/SMC പ്രവർത്തന സമിതി | Feb. 3. | HM. Te. | PTA/SMC | |
| 88. | വിദ്യാഭ്യാസ പ്രദർശനം. വിജയ പ്രഖ്യാപനം. | Feb 10 | HM PTA/SMC | PTA/SMC | - |
| 89 | പഠനോത്സവം. രക്ഷാകർതൃ ശില്പശാല. | Feb. 13 | HM. Tes. | PTA/SMC | - |
| 90. | SRG യോഗം. | Feb 16. | SRG Convener | | |
| 91. | സ്കൂൾ തല പരിപാടി മികവ് അവതരണം. | Feb. 20 | HM PTA/SMC | PTA/SMC | |
| 92. | CPTA യോഗം | Feb. 25. | Class Tes. | | |
| 93. | ദേശീയ ശാസ്ത്രദിനം. CV രാമൻ അനുസ്മരണം. | Feb 28 | Science Club. | PTA/SMC. | |
| 94. | SRG യോഗം | Mar. 3. | SRG Convener | - | - |
| 95. | പഠനോത്സവം. 2025-26 മികവ് അവതരണം | Mar. 10. | HM & PTA/Tes. | PTA/SMC. | |
| 96. | Model Exam Starts | Mar. 12 - 18. | Tes. | PTA | |
| 97. | SRG യോഗം. | Mar. 19. | SRG Convener | - | - |
| 98. | PTA പ്രവർത്തന സമിതി അവലോകനം. | Mar. 20 | HM/PTA | - | - |
| 99. | CPTA യോഗം. | Mar. 20. | Class Tes | - | - |
| 100 | വാർഷിക പരീക്ഷ ആരംഭം. | Mar 23 - 27. | Class Tes | - | - |
| 101. | വേനലവധിക്കായി സ്കൂൾ അടയ്ക്കുന്നു. | Mar. 31. | - | - | - |